## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2274 8/12/2015-ൽ മറുപടിക്ക്

## പൃഴക്കാട്ടിരി ഇലക്ട്രിക്കൽ സെക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നാല് ഗ്രാമ പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന മക്കരപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴ ക്കാട്ടിരി സെക്ഷൻ ആരംഭിക്കണ മെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത ആവശ്യം അനുവദി ക്കാൻ ബഹു. ഊർജ്ജ വകുപ്പ് മന്ത്രി അനുമതി നൽകിയിട്ടും നാളിതുവരെ പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കാ ത്തതിന്റെ കാരണം വ്യക്തമാക്കുമോ? | **(എ)യും (ബി)യും**<br><br>ഉണ്ട്. മക്കരപറമ്പ് ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കുന്ന തിനുള്ള പ്രൊപ്പോസൽ നേരത്തെ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ ഓഫീസ് വിഭജനത്തിനുള്ള മാനദണ്ഡത്തിൽ (സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവു കയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതെ സമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുക) ഉൾപ്പെടാ ത്തതിനാൽ പുഴക്കാട്ടിരി സെക്ഷൻ രൂപീകരി ക്കുന്നത് പരി ഗണിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ ഒക്ടോബർ 2015-ൽ ലഭ്യമായ കണക്കനുസരിച്ച് മക്കരപറമ്പ് സെക്ഷനിലെ ഉപഭോക്താക്കളുടെ എണ്ണം 25000 കടന്നി ട്ടുണ്ട്. ഇതിനാൽ ടി സെക്ഷൻ വിഭജിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**